'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഡിജിറ്റൽ പേയ്മെന്റ് സംവിധാനം തദ്ദേശ ഭരണ സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനും ഇതിനായി ഇൻഫർമേഷൻ കേരള മിഷന് സർവീസ് ചാർജിനത്തിൽ ഒരു നിശ്ചിത തുക ബാങ്കുകളിൽ നിന്നും ഈടാക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

G.O.(Rt)No.1794/2019/LSGD തീയതി,തിരുവനന്തപുരം, 20/08/2019

പരാമർശം:- 1 21-11-2018-ലെ ധനകാര്യ വകുപ്പിന്റെ.107/2018/ഫിൻ നമ്പർ സർക്കുലർ

2 ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.01.2019 ലെ 1729/SWD/2018/ ഐ.കെ.എം നമ്പർ കത്ത്.

3 കില ഡയറക്ടറുടെ 20.04.2019-ലെ കില/2017/101/525/നമ്പർ കത്ത്.

### ഉത്തരവ്

ഡിജിറ്റൽ പേയ്മെന്റ് സംവിധാനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനായി ഒന്നിൽ കൂടുതൽ ബാങ്കുകളെ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി Expression of Interest (EoI) മുഖേന തെരഞ്ഞെടുക്കുന്നതിനും ഇതിനായി സർവീസ് ചാർജിനത്തിൽ ഒരു നിശ്ചിത തുക ഇൻഫർമേഷൻ കേരള മിഷന് ബാങ്കുകളിൽ നിന്നും ഈടാക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു:

i. Android device, Printer, Swiping machine എന്നിവ ഒന്നായി അടങ്ങുന്നതും, ആയതിൽ ഐ.കെ.എം ഡെവലപ്പ് ചെയ്യുന്ന സഞ്ചയവയുമായി ചേർന്ന് പ്രവർത്തിക്കുന്ന Andriod Application വിന്യസിക്കാൻ കഴിയുന്ന രീതിയിലുള്ള സ്പെസിഫിക്കേഷനോടു കൂടിയ ഡിവൈസുകൾ (RBI അംഗീകാരമുള്ളവ), സാധാരണ ഉപയോഗിക്കുന്ന PoS Machines എന്നിവ നൽകാൻ കഴിയണം.
ii. Transanction Cost ഏറ്റവും കുറഞ്ഞ രീതിയിൽ നൽകവാൻ കഴിയണം (Trn. Cost Nil/ As per RBI rate / Below RBI rate).
iii. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബിൽ കളക്ടർമാരുടെ എണ്ണത്തിനനുസരിച്ചും, ഫ്രണ്ട്

ഓഫീസിലെ ക്യാഷ് കൗണ്ടറുകളുടെ എണ്ണത്തിനനുസരിച്ചും ആവശ്യപ്പെടുന്ന എണ്ണം Payment Machines ബാങ്കുകൾക്ക് വിന്യസിക്കുവാൻ കഴിയണം.

iv. Payment Machine-നുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും, അവയുടെ പരിപാലനവും ചെയ്യുവാനുള്ള സംവിധാനം ബാങ്കുകൾക്ക് നൽകുവാൻ കഴിയണം.

v. SLA (Service Level Agreement), Help Desk സംവിധാനം (Toll Free number ഉൾപ്പെടെ) എന്നിവ ബാങ്കുകൾക്ക് നൽകുവാൻ കഴിയണം.

vi. ഡിജിറ്റൽ പേയ്മെന്റ് സംവിധാനത്തിലൂടെ ലഭിക്കുന്ന തുക ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നൽകുവാൻ കഴിയണം (T +1 or T+2)

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപറഞ്ഞ നിബന്ധനകൾക്ക് വിധേയമായി ഒന്നിൽ കൂടുതൽ ബാങ്കുകളെ Expression of Interest മുഖേന തെരഞ്ഞെടുത്ത് ഡിജിറ്റൽ പേയ്മെന്റ് സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനും ഇതിനായി സർവീസ് ചാർജിനത്തിൽ ഒരു നിശ്ചിത തുക ബാങ്കുകളിൽ നിന്നും ഈടാക്കുന്നതിനും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കില, തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ എസ് എ/ജി&എസ്എസ്എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ( എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ(സ്കീം ലൈനിങ്)വകുപ്പ്

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ് (ഡിഎ1/461/2018/ത.സ്വ.ഭ.വ. പ്രകാരം)

വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ